# ഭാരതീയ റിസർവ് ബാങ്ക്

www.rbi.org.in

ആർബിഐ/2020-21/22
ഡിപിഎസ്എസ്.സിഒ.പിഡി.നം.115/02.14.003/2020-21

ഓഗസ്റ്റ് 6, 2020

ചെയർമാൻ/ മാനേജിങ് ഡയറക്ടർ/ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ,
ഓതറൈസ്ഡ് പെയ്മെന്റ് സിസ്റ്റം ഓപ്പറേറ്റർമാർ
(ബാങ്കുകൾ, ബാങ്ക്- ഇതരർ)

മാഡം / പ്രിയപ്പെട്ട സർ

**കാർഡുകൾ ഉപയോഗിച്ചുള്ള ഓഫ്‌ലൈൻ റീട്ടെയിൽ പെയ്മെന്റുകൾ/ വാലെറ്റുകൾ/ മൊബൈൽ ഉപകരണങ്ങൾ - പൈലറ്റ് പദ്ധതി**

2020 ഓഗസ്റ്റ് 06-ാം തീയതിയിലെ മോണിട്ടറി പോളിസി സ്റ്റേറ്റ്മെന്റിന്റെ ഭാഗമായി പുറപ്പെടുവിച്ചിരുന്ന സ്റ്റേറ്റ്മെന്റ് ഓൺ ഡെവലപ്മെന്റൽ ആന്റ് റഗുലേറ്ററി പോളിസീസ് ദയവായി പരിശോധിക്കുക. ഓഫ്‌ലൈൻ രീതിയിൽ കുറഞ്ഞ തുകയുടെ പെയ്മെന്റുകൾ നടത്തുന്നതിനായി ഒരു പൈലറ്റ് പദ്ധതി ആരംഭിക്കുമെന്ന് പ്രസ്തുത സ്റ്റേറ്റ്മെന്റിൽ പ്രസ്താവിച്ചിരുന്നു.

2. അനേകം വർഷങ്ങളായി ഡിജിറ്റൽ പെയ്മെന്റുകൾക്കായി വിശേഷാലുള്ള ദൃഢീകരണം പോലുള്ള സുരക്ഷാമാർഗങ്ങൾക്കും, ഓരോ ഇടപാടിനും ഓൺലൈൻ വഴി ജാഗ്രതാ അറിയിപ്പുകൾ നൽകുന്ന കാര്യത്തിന് റിസർവ് ബാങ്ക് മുൻഗണന നൽകിപ്പോരുന്നു. ഈ നടപടികൾ ഇടപാടുകാരുടെ ആത്മവിശ്വാസവും ഡിജിറ്റൽ രൂപത്തിലുള്ള പെയ്മെന്റ് രീതികൾ തിരഞ്ഞെടുക്കുന്നതിന് വഴിയൊരുക്കുന്ന സുരക്ഷാബോധവും വൻതോതിൽ വർധിപ്പിച്ചിട്ടുണ്ട്.

3. ഇന്റർനെറ്റ് കണക്ടിവിറ്റിയുടെ അഭാവമോ അല്ലെങ്കിൽ അതിന്റെ അവ്യവസ്ഥിത പ്രകൃതിയോ, വിശേഷിച്ചും ഒറ്റപ്പെട്ടുകിടക്കുന്ന പ്രദേശങ്ങളിൽ ഡിജിറ്റൽ പെയ്മെന്റ് തിരഞ്ഞെടുക്കുന്നതിന് മുഖ്യമായ ഒരു പ്രതിബന്ധമാണ്. കാർഡുകൾ, വാലെറ്റുകൾ അല്ലെങ്കിൽ മൊബൈൽ രീതികൾ

ഉപയോഗിക്കുന്ന മാർഗങ്ങളുടെ ലഭ്യത ഡിജിറ്റൽ പെയ്മെന്റ് രീതി തിരഞ്ഞെടുക്കുന്നതിന് ഉത്തേജനമേകും.

4. ഓഫ്‌ലൈൻ മാർഗത്തിലൂടെയുള്ള ഡിജിറ്റൽ പെയ്മെന്റ് രീതികൾ സാധ്യമാക്കിത്തീർക്കുന്ന സാങ്കേതിക നവരീതികൾ പ്രോത്സാഹിപ്പിക്കുന്നതിനായി റിസർവ് ബാങ്ക് പരിമിതമായ ഒരു കാലയളവിലേക്ക് ഒരു പൈലറ്റ് പദ്ധതിയ്ക്ക് അനുവാദം നൽകുന്നതായിരിക്കും. ഈ പൈലറ്റ് പദ്ധതിയുടെ കീഴിൽ അംഗീകൃത പെയ്മെന്റ് സിസ്റ്റം ഓപ്പറേറ്റർമാർ (പിഎസ്ഒ) ക്ക് - ബാങ്കുകളും ബാങ്ക് - ഇതര സ്ഥാപനങ്ങളും - വിദൂരസ്ഥമോ സമീപസ്ഥമോ ആയ പെയ്മെന്റുകൾ നിർവഹിക്കാൻ കാർഡുകൾ, വാലെറ്റുകൾ അല്ലെങ്കിൽ മൊബൈൽ രീതികൾ ഉപയോഗിച്ചുകൊണ്ടുള്ള ഓഫ്‌ലൈൻ പെയ്മെന്റ് മാർഗങ്ങൾ നൽകാൻ കഴിയുന്നതാണ്. ഈ പദ്ധതി അനുബന്ധത്തിൽ വിശദമായി പറയുന്ന നിബന്ധനകൾക്ക് വിധേയമായിരിക്കും. സാങ്കേതിക നവരീതികൾ സ്വായത്തമായ മറ്റ് സ്ഥാപനങ്ങൾക്ക് പി.എസ്ഒ-മാരുമായി ടൈ-അപ് ബന്ധം സ്ഥാപിക്കാവുന്നതാണ്.

5. പൈലറ്റ് പദ്ധതി 2021 മാർച്ച് 31 വരെ മാത്രമാണ് ഏറ്റെടുത്തിരിക്കുന്നത്. ഈ പദ്ധതിയിൽ നിന്നും നേടിയ അനുഭവജ്ഞാനം അടിസ്ഥാനമാക്കി അത്തരമൊരു സമ്പ്രദായം അംഗീകൃതരൂപത്തിലാക്കുന്ന കാര്യം റിസർവ് ബാങ്ക് തീരുമാനിക്കുന്നതായിരിക്കും.

6. ഈ ഉത്തരവ് പെയ്മെന്റ് ആന്റ് സെറ്റിൽമെന്റ് സിസ്റ്റംസ് ആക്ട്, 2007 (2007 ലെ ആക്ട് 51) ന്റെ സെക്ഷൻ 18-നോടൊപ്പം ചേർത്ത് വായിക്കേണ്ട സെക്ഷൻ 10(2) പ്രകാരം പുറപ്പെടുവിക്കുന്നതാണ്.

താങ്കളുടെ വിശ്വസ്തതയുള്ള

(പി.വാസുദേവൻ)
ചീഫ് ജനറൽ മാനേജർ

ഉള്ളടക്കം : മുകളിൽ കൊടുത്തിരിക്കുന്നപോലെ

**അനുബന്ധം**

**2020 ഓഗസ്റ്റ് 6-ാം തീയതിയിലെ ഡിപിഎസ്എസ്.സിഒ.പിഡി. നം. 115/02.14.003/2020-21**

## ഓഫ്ലൈൻ റീട്ടെയിൽ പെയ്മെന്റുകൾക്കായുള്ള പൈലറ്റ് പദ്ധതി

ഈ പൈലറ്റ് പദ്ധതിപ്രകാരം, പെയ്മെന്റ് സിസ്റ്റം ഓപ്പറേറ്റർമാർ (പിഎസ്ഒ)- ബാങ്കുകളും ബാങ്ക് - ഇതരസ്ഥാപനങ്ങളും - ഓഫ്ലൈൻ രീതിയിലുള്ള ഡിജിറ്റൽ പെയ്മെന്റ് മാർഗങ്ങൾ അനുവദിക്കേണ്ടതാണ് - അതായത് ഇന്റർനെറ്റ് കണക്ടിവിറ്റി ആവശ്യമില്ലാത്ത പെയ്മെന്റ് മാർഗങ്ങൾ.

എ) പെയ്മെന്റുകൾ കാർഡുകളോ വാലെറ്റുകളോ അല്ലെങ്കിൽ മൊബൈൽ ഉപകരണങ്ങളോ അല്ലെങ്കിൽ മറ്റേതെങ്കിലും മാർഗത്തിലൂടെയോ നടത്താൻ കഴിയേണ്ടതാണ്.

ബി) പെയ്മെന്റുകൾ അകലെനിന്നോ അല്ലെങ്കിൽ അടുത്തുനിന്നോ നടത്താൻ കഴിയണം.

സി) എന്തെങ്കിലും വിധത്തിലുള്ള അധികമായ ദൃഢീകരണം കൂടാതെ തന്നെ പെയ്മെന്റ് ഇടപാടുകൾ നടത്താൻ കഴിയണം.

ഡി) ഒരു പെയ്മെന്റ് ഇടപാടിന്റെ ഉയർന്ന പരിധി 200 രൂപയായിരിക്കും.

ഇ) ഒരു പ്രത്യേകസമയം ഒരു ഉപകരണം ഉപയോഗിച്ച് നടത്താൻ കഴിയന്ന മൊത്തം ഓഫ്ലൈൻ ഇടപാടുകൾ 2000 രൂപയെന്ന ഉയർന്ന പരിധിക്കുള്ളിൽ നിന്നുകൊണ്ടായിരിക്കണം. ഈ പരിധി അധികമായ ദൃഢീകരണം (എഎഫ് എ) വഴി ഉയർത്തി നിശ്ചയിക്കാൻ കഴിയും.

എഫ്) ഇടപാട് സംബന്ധമായ വിവരങ്ങൾ ലഭ്യമായാൽ ഉടൻതന്നെ പിഎസ്ഒ ഉപയോക്താക്കൾക്ക് തത്സമയ അറിയിപ്പുകൾ അയക്കുന്നതായിരിക്കും.

ജി) സ്പർശന രഹിത പെയ്മെന്റുകൾ ഇന്നേവരെ എന്ന പോലെ തന്നെ ഇഎംവി നിലവാരം പാലിച്ചുകൊണ്ടായിരിക്കും.

എച്ച്) അധികദൃഢീകരണം (എഎഫ്എ) കൂടാതെ ഓഫ്ലൈൻ മാർഗം നടത്തുകയെന്നത് ഉപയോക്താവിന്റെ തീരുമാനമനുസരിച്ചായിരിക്കും.

ഐ) വ്യാപാരിയുടെ ഭാഗത്തുനിന്നും സാങ്കേതിക പിഴവ് മൂലമോ സുരക്ഷാപ്രശ്നങ്ങൾ മൂലമോ ഉണ്ടാകാവുന്ന എല്ലാ

ബാധ്യതകളും പദ്ധതി സ്വന്തമാക്കുന്നയാൾ വഹിക്കുന്നതായിരിക്കും.

ജെ) ഈ പെയ്മെന്റുകൾ ക്ലിപ്ത ഉപഭോക്തൃബാധ്യത സർക്കുലർ ഡിബിആർ. നം.ലീഗൽ.ബിസി. 78/09.07.005/2017-18 (തീയതി 2017 ജൂലൈ 06), ഡിപിഎസ്സ്. സിഒ.പിഡി.നം.1417/02.14.006/2018-19 (തീയതി 2010 ജനുവരി 04) എന്നിവയിലെ ഉപാധികളുനുസരിച്ചായിക്കും നടക്കുന്നത്.

കെ) ഈ പദ്ധതി പ്രകാരമുള്ള ഇടപാടുകൾ അവതരിപ്പിക്കുന്നതിനും മുൻപായി, പിഎസ്ഒ-മാർ അവർ ഇടപാടുകാർക്കായി വാഗ്ദാനം ചെയ്യുന്ന പെയ്മെന്റ് രീതികളുടെ വിശദമായ സവിശേഷതകൾ റിസർവ് ബാങ്കിനെ അറിയിക്കേണ്ടതാണ്.

എൽ) നവമാർഗങ്ങൾ കൈവശമുള്ള പിഎസ്ഒ-മാർ അല്ലാതെയുള്ള സ്ഥാപനങ്ങൾക്ക് അവരുടെ ഉത്പന്നങ്ങൾ അവതരിപ്പിക്കാനായി പിഎസ്ഒ-മാരുമായി ടൈ-അപ്പ് നടത്താവുന്നതാണ്.

എം) ഈ നിബന്ധനങ്ങൾ അനുവർത്തിക്കാത്തപക്ഷം ഇടപാടുകൾ നിർത്തിവയ്ക്കാനും പദ്ധതിയ്ക്ക് പുറത്ത് പോകാനും ഒരു പിഎസ്ഒ-നോട് ആവശ്യപ്പെടാനുള്ള അധികാരം റിസർവ് ബാങ്കിനുണ്ടായിരിക്കും.